**ആധുനിക ജീവിതശൈലി ജൈവവിരുദ്ധമായിരിക്കെ ആദിവാസികൾ ജൈവ ജീവിതശൈലി പിന്തുടരുന്നില്ല എന്ന് ആരോപിക്കുന്നത് തികച്ചും വികടമാണ്. ജീവിക്കാനുള്ള അവകാശത്തിന് നിയമസാധ്യതയും അംഗീകാരവും നൽകാനാണ് വനാവകാശ നിയമം ശ്രമിക്കുന്നതെന്ന് സി.ആർ. ബിജോയ്**

# കാടിന്റെ അധികാരവും അവകാശവും

വനം കാക്കുമോ

വനാവകാശം

**നാട്ടുകാരെ** കീഴാളരായി കണക്കാക്കിയ അധീശ കൊളോണിയൽ സർക്കാരിന്റെ നിയമമാണ് 1927 ലെ ഇന്ത്യൻ വനനിയമം. 1980ലെ വനസംരക്ഷണ നിയമത്തിന് ശേഷം വനശോഷണം വർഷം തോറും വർദ്ധിച്ചുവന്നു. 'ഗോദവർമ്മൻ കേസി'നെത്തുടർന്ന് വനം സുപ്രീംകോടതിയുടെ മേൽനോട്ടത്തിലായതിന് ശേഷം വനശോഷണത്തിന്റെ തോത് ഇരട്ടിയായിത്തീർന്നു. 2007നും 2011 നും ഇടയിലാണ് 25% വനപരിവർത്തനവും നടന്നിട്ടുള്ളത്. 40,000 കോടി രൂപ വനവൽക്കരണത്തിനായി വകയിരുത്തിയ ഗ്രീൻ ഇന്ത്യ മിഷൻ ഇരുന്നൂറ് ലക്ഷം ഹെക്ടർ ഭൂമി വനവൽക്കരിക്കുന്നതിനെക്കുറിച്ച് സർക്കാർ വാചാലമായ കാലത്താണിതെന്നോർക്കണം. 2009 ആണ് ഏറ്റവും കൂടുതൽ വനപരിവർത്തനം നടന്നിട്ടുള്ള വർഷം. 2007 മുതലുള്ള വനപരിവർത്തനങ്ങളിൽ 40% വും ഖനനത്തിനും ജലസേചനത്തിനും വേണ്ടിയായിരുന്നു.

പ്രശ്നം 'നിയമപരത'യുടേതല്ല മറിച്ച് ജനങ്ങളെ ശത്രുക്കളായിക്കണ്ട കോളനി നിയമങ്ങളുടേതാണ്, കൈവശാവകാശങ്ങളെ നിയമപ്രകാരം സാധൂകരിക്കാത്തത് കൊണ്ടാണ്, നികുതി നേട്ടങ്ങൾക്ക് വേണ്ടി വനനശീകരണം നടത്തിയത് കൊണ്ടാണ്, സ്വാഭാവികവനങ്ങളെ നശിപ്പിച്ച് തടിക്ക് വേണ്ടിയുള്ള മരങ്ങൾ വെച്ച് പിടിപ്പിച്ചത് കൊണ്ടാണ്, വ്യവസായ വല്ക്കരണത്തിന് വേണ്ടി നിയമങ്ങൾ ഉപയോഗിച്ച് വനം നശിപ്പിച്ചത് കൊണ്ടാണ്.

2006ലെ വനാവകാശ നിയമം വനസംരക്ഷണത്തെ ജനകീയവൽക്കരിക്കുന്നതിലൂടെ 'ഡി – കോളനൈസ്' ചെയ്തു. കാലാകാലങ്ങളായി ഗ്രാമങ്ങൾ/സമൂഹങ്ങൾ അനുഭവിച്ചുവന്ന കാടുകളുടെ അവകാശം വനാവകാശ നിയമം നിലനിർത്തി. വനാവകാശം അംഗീകരിച്ചുകഴിഞ്ഞാൽ സെക്ഷൻ 5 പ്രകാരം കാടുകളെ സംരക്ഷിക്കാനുള്ള അധികാരം ഗ്രാമസഭകൾക്കായിരിക്കും. വനംവകുപ്പിനായിരിക്കില്ല.



**2006ലെ വനാവകാശ നിയമം വനസംരക്ഷണത്തെ ജനകീയവൽക്കരിക്കുന്നതിലൂടെ 'ഡി കോളനൈസ്' ചെയ്തു. കാലാകാലങ്ങളായി ഗ്രാമങ്ങൾ/സമൂഹങ്ങൾ അനുഭവിച്ചുവന്ന കാടുകളുടെ അവകാശം വനാവകാശ നിയമം നിലനിർത്തി. വനാവകാശം അംഗീകരിച്ചുകഴിഞ്ഞാൽ സെക്ഷൻ 5 പ്രകാരം കാടുകളെ സംരക്ഷിക്കാനുള്ള അധികാരം ഗ്രാമസഭകൾക്കായിരിക്കും.ആധുനിക ജീവിതശൈലി ജൈവവിരുദ്ധമായിരിക്കെ ആദിവാസികൾ ജൈവ ജീവിതശൈലി പിന്തുടരുന്നില്ല എന്ന് ആരോപിക്കുന്നത് തികച്ചും വികടമാണ്.**

ജനാധിപത്യത്തിന്റെ പ്രശ്നങ്ങളെ കൂടുതൽ ജനാധിപത്യംകൊണ്ട് പരിഹരിക്കണം. 'പങ്കാളിത്ത ജനാധിപത്യം' എന്ന ഏറ്റവും സമുന്നതമായ ഗ്രാമസഭാതലത്തിലുള്ള ജനാധിപത്യം വഴി ഇക്കാര്യത്തിന് നിലവിലുള്ള ജനാധിപത്യ രീതിയിൽ പ്രവർത്തിക്കുന്ന ഗ്രാമസഭകൾ കൂടിയേതീരൂ എന്ന വാദം അസംബന്ധമാണ്, വികടമാണ്. അതുപോലെ രാഷ്ട്രീയ വിരുദ്ധ സമീപനം ജനാധിപത്യ വിരുദ്ധവും ഫാസിസവുമാണ്. രാഷ്ട്രീയ പാർട്ടികൾക്കെതിരായ സമീപനവും ജനാധിപത്യ വിരുദ്ധവും ഫാസിസവുമാണ്. രാഷ്ട്രീയ പാർട്ടികളാണ് ജനാധിപത്യത്തിന്റെ സത്യസന്ധമായ മുഖം (expression). ആധുനിക ജീവിതശൈലി ജൈവവിരുദ്ധമായിരിക്കെ ആദിവാസികൾ ജൈവ ജീവിതശൈലി പിന്തുടരുന്നില്ല എന്ന് ആരോപിക്കുന്നത് തികച്ചും വികടമാണ്.

നാല് ഹെക്ടർ ഭൂമി ഓരോ ആദിവാസി കുടുംബത്തിനും കൊടുക്കുമെന്ന് വനാവകാശ നിയമത്തിൽ ഒരിടത്തും പറയുന്നില്ല. 2006ൽ ചില വനമൗലിക വാദികൾ (wild lifers) പ്രചിപ്പിച്ച ഒരു കുപ്രചരണം മാത്രമായിരുന്നു അത്. ഇപ്പോഴവർ അതാവർത്തിക്കുന്നുമില്ല. കാടിനെ ആശ്രയിച്ചു ജീവിക്കുന്നവരുടെ കൃഷിചെയ്യാനും മറ്റുമുള്ള ആവശ്യങ്ങൾക്കായി നാല് ഹെക്ടർ വരെ വിട്ടു കൊടുക്കാമെന്ന് മാത്രമേ നിയമം പറയുന്നുള്ളു. കൈവശമുള്ള ഭൂമിയിൽ നാല് ഹെക്ടർ വരെ സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിക്കാം. കൃഷിചെയ്യാനുള്ള അവകാശം മാത്രമാണ് വിട്ടുകൊടുക്കുന്നത്. വനാവകാശ നിയമം ഒഴിച്ച് എല്ലാ നിയമങ്ങളും വിരലിലെണ്ണാവുന്ന വ്യക്തികൾക്ക് മാത്രമാണ് അധികാരം നല്കുന്നത്. വനാവകാശ നിയമ പ്രകാരം ഈ സാഹചര്യമാണ് മാറിയിരിക്കുന്നത്. കാടിന്റെ അതിർത്തി മാറ്റങ്ങളൊക്കെ ഗ്രാമസഭയുടെ അംഗീകാരത്തിന് വിധേയമാണ്. എല്ലാ വനപരിവർത്തനവും (Forest diersiery) ഗ്രാമസഭയുടെ അധികാരത്തിൽ വിധേയമാണ്. വേദാന്ത, നിയമഗിരി, പോസ്കോ തുടങ്ങിയ പ്രശ്നങ്ങളിൽ ഗ്രാമസഭകൾ വനപരിവർത്തനങ്ങൾക്ക് അനുമതി നിഷേധിച്ചിട്ടും സർക്കാർ നിയമലംഘനം നടത്തുകയാണുണ്ടായിട്ടുള്ളത് എന്ന വസ്തുത ഓർമ്മിക്കുക.

നാഷണൽ പാർക്കുകളിലും വന്യജീവികേന്ദ്രങ്ങളിലും വനാവകാശം ബാധകമാണ്. ഉദാഹരണത്തിന് ബിലി രംഗസ്വാമി ക്ഷേത്ര വന്യജീവി സങ്കേതത്തിലെ മൂന്നിൽ രണ്ട് ഭാഗത്തിന്റേയും അവകാശം (Off Rights) 25 ഗ്രാമസഭകൾക്കാണ് നൽകിയിട്ടുള്ളത്.

വനം സംരക്ഷിക്കാൻ ആദിവാസികൾ പണംകൊടുക്കണമെന്ന വാദം തെറ്റാണ്. വനത്തെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ആവശ്യമാണ് വനം സംരക്ഷിക്കുക എന്നത്. ജീവിക്കാനുള്ള അവകാശത്തിന് നിയമസാധ്യതയും അംഗീകാരവും നൽകാനാണ് വനാവകാശ നിയമം ശ്രമിക്കുന്നത്.


**വധശിക്ഷയ്ക്ക്**
**മൊറട്ടോറിയം പ്രഖ്യാപിക്കുക**

വധശിക്ഷയ്ക്കെതിരെ
സിവിൽ സമൂഹപ്രസ്ഥാനങ്ങൾ
ഒന്നിക്കുന്നു

**കൺവെൻഷൻ**
**നവംബർ 28ന്**
വി.ജെ.ടി ഹാൾ
**തിരുവനന്തപുരം**
ബന്ധങ്ങൾക്ക്: 9947787523

**കേരളീയം വരിസംഖ്യ**
**240 രൂപ**
**അയയ്ക്കുമല്ലോ...**

**വായനക്കാരുടെ പ്രതികരണങ്ങൾ**
അറിയിപ്പുകൾ അഭിപ്രായങ്ങൾ
**എഴുതുക/വിളിക്കുക/അയക്കുക**

കേരളീയം കൊക്കാലെ, തൃശൂർ-21
ഫോൺ : 0487-2421385,9446576943
e-mail : mailkeraleeyam@gmail.com